**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3819** **15-07-2022 - ൽ മറുപടിയ്ക്ക്**

**തീര സുരക്ഷ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ സുരക്ഷയ്ക്കായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2008 നവംബർ മാസം 26-ാം തീയതി മുംബൈയിൽ നടന്ന ഭീകരാക്രമണ ത്തിന്റെ പശ്ചാത്തലത്തിൽ രാജ്യ ത്തിന്റെ തീരദേശ സുരക്ഷ ശക്ത മാക്കുന്നതിന്റെ ഭാഗമായി കേരളത്തിന് അനുവദിച്ച് ലഭിച്ച കോസ്റ്റൽ സെക്യൂരിറ്റി സ്കീം 1 പ്രകാരമുള്ള 8 തീരദേശ പോലീസ് സ്റ്റേഷനുകളും കോസ്റ്റൽ സെക്യൂരിറ്റി സ്കീം 2 പ്രകാരമുള്ള 10 തീരദേശ പോലീസ് സ്റ്റേഷനുകളും ഉൾപ്പെടെ നിലവിൽ 18 തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു.<br><br>കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശാനുസരണം, ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് തുടങ്ങി കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പ്രതിരോധ സംവിധാനങ്ങളുമായി സഹകരിച്ചാണ് തീരദേശ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നത്. നിലവിൽ 18 പോലീസ് സ്റ്റേഷനുകളിലായി 674 സേനാംഗങ്ങൾ പ്രവർത്തിച്ചു വരുന്നു. കേരളത്തിന്റെ 590 കിലോമീറ്റർ വരുന്ന തീരപ്രദേശത്തെ, വിവിധ തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കീഴിൽ 527 ബീറ്റുകളായി തിരിച്ച് ഓരോ ബീറ്റും ഓരോ സേനാംഗത്തിന്റെ നിരീക്ഷണത്തിനു കീഴിൽ കൊണ്ടുവരികയും ബീറ്റ് ഓഫീസർമാർ ദിവസേന ഇന്റലിജൻസ് ശേഖരണവും നിരന്തര നിരീക്ഷണങ്ങളും നടത്തി വരുകയും ചെയ്യുന്നു. കൂടാതെ തീരദേശത്തിന്റെ സുരക്ഷ കൂടുതൽ ശക്തമാക്കുന്നതിലേക്ക്, തീരദേശ സേനയും മത്സ്യതൊഴിലാളികളുടെ പ്രതിനിധികളും ബോട്ട് ഉടമകളുടെ പ്രതിനിധികളും അംഗങ്ങൾ ആയിട്ടുള്ള കടലോര ജാഗ്രതാ സമിതികൾ, ഹാർബർ സുരക്ഷാ സമിതികൾ എന്നിവയും പ്രവർത്തിച്ചു വരുന്നു. കടലോര ജാഗ്രതാ സമിതിയുടെ 568 വാട്ട്സാപ്പ് |

കൂട്ടായ്മകളിലായി 18,431 അംഗങ്ങൾ തീരദേശ സേനയുടെ മേൽ നോട്ടത്തിൽ കാര്യക്ഷമമായി തീരദേശത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. ഓരോ തീരദേശ പോലീസ് സ്റ്റേഷനുകളിലും ശനിയാഴ്ചകൾ തോറും ഇന്റലിജൻസ് ഷെയറിംഗ് മീറ്റിംഗ് നടത്തുകയും ആയതിൽ തീരദേശ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ സേനാംഗങ്ങളും ഐ.ബി, എസ്. എസ്.ബി, നാവികസേന, കോസ്റ്റ് ഗാർഡ്, ഫിഷറീസ് തുടങ്ങിയ സുരക്ഷാ ഏജൻസികളുടെ പ്രതിനിധികളും നിരന്തരം പങ്കെടുത്തു വരുകയും അതാത് ആഴ്ചകളിലെ ഇന്റലിജൻസ് വിവരങ്ങൾ മറ്റ് കേന്ദ്ര സുരക്ഷാ ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ മത്സ്യതൊഴിലാളി വിഭാഗങ്ങളിൽ നിന്ന് കരാർ അടിസ്ഥാനത്തിൽ തീരദേശ സേനയിൽ സർക്കാർ നിയമിച്ചിട്ടുള്ള കോസ്റ്റൽ വാർഡൻമാരുടെ സഹായ ത്തോടെ സേനക്ക് അനുവദിച്ചിട്ടുള്ള 24 ഇന്റർസെപ്റ്റർ ബോട്ടുകളിൽ നിലവിൽ പ്രവർത്തന സജ്ജമായ 20 ബോട്ടുകൾ ഉപയോഗിച്ച് കടലിൽ പട്രോളിംഗ് നടത്തുകയും;മനുഷ്യക്കടത്ത്, അനധികൃത കടന്നുകയറ്റം, മയക്കുമരുന്ന് കച്ചവടം, കള്ളക്കടത്ത്, ഇന്ധനകടത്ത് തുടങ്ങി നിയമപരമല്ലാത്ത പ്രവർത്തനങ്ങൾ തടയുന്നതിനായി തീരദേശ സേനയുടെ അധികാര പരിധിയായ 12 നോട്ടിക്കൽ മൈലിനുള്ളിൽ നിതാന്ത ജാഗ്രത പുലർത്തുകയും കേരളത്തിന്റെ തീര പ്രദേശങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തു കയും ചെയതു വരുന്നു.

സാഗർ കവച്, സി-വിജിൽ തുടങ്ങിയ മോക് ഡ്രില്ലുകൾ വർഷത്തിൽ 2 പ്രാവശ്യം ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ കേരള തീരത്ത് നടന്നു വരുന്നു. ആയത് തീരദേശ നിവാസികൾക്കിടയിൽ സുരക്ഷിതത്വ ബോധം ഉടലെടുക്കുന്നതിന് സഹായകര മാകുന്നു.

കോഴിക്കോട് ചാലിയത്ത് ഒരു ഹെലിപ്പാഡ്, NIRDESH (National Institute for R&D in Defence Ship Building) കാമ്പസിൽ ആരംഭിക്കുന്നതിനായിട്ടുള്ള സാധ്യതാപഠനം സ്വീകരിച്ചു വരുന്നു. ആയത് പ്രാവർത്തികമായാൽ മലബാർ മേഖലയിലെ തീരദേശ സുരക്ഷക്ക് മുതൽക്കൂട്ടാകും. നിലവിൽ അനുവദിക്ക പ്പെട്ട 4 ബോട്ട് ജെട്ടികളിൽ 2 എണ്ണം പ്രവർത്തനക്ഷമമായിട്ടുള്ളതും 2 എണ്ണ ത്തിന്റെ നിർമ്മാണം നടന്നു വരികയുമാണ്. 04.8.2021 തീയതിയിലെ G.O.(Rt)No.565/2021/DMD ഉത്തരവ് പ്രകാരം

| | | | |
|---|---|---|---|
| | | | 2,43,47,400/- രൂപ (രണ്ട് കോടി നാല്പത്തി മൂന്ന് ലക്ഷത്തി നാല്പത്തി ഏഴായിരത്തി നാനൂറു രൂപ) അടിയന്തരമായി ജീവൻ രക്ഷാ ഉപകരണങ്ങൾ വാങ്ങുവാൻ അനുവദിച്ചിട്ടുണ്ട്. |
| (ബി) | തീരദേശ സുരക്ഷയ്ക്ക് ഗാർഡുമാരായി പോലീസിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ; | (ബി) | തീരദേശ സുരക്ഷക്ക് ഗാർഡുമാരായി പോലീസിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. എന്നാൽ ഓഖി ദുരന്ത ത്തിന്റെ പശ്ചാത്തലത്തിൽ, തീരദേശ സുരക്ഷക്കായി മത്സ്യബന്ധന തൊഴിലാളികളിൽ നിന്നും 200 പേരെ തീരദേശ പോലീസിനെ സഹായിക്കു ന്നതിനായി കോസ്റ്റൽ വാർഡൻ തസ്തികയിലേക്ക് കരാർ അടിസ്ഥാന ത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നുണ്ട്.നിലവിൽ ജോലിയിലുള്ള കോസ്റ്റൽ വാർഡൻമാർക്ക് 30.06.2023 തീയതി വരെ സേവനത്തിൽ തുടരാവുന്നതാണ്. |
| (സി) | ഇവരുടെ സേവന കാലയളവ് എത്ര കാലത്തേയ്ക്കാണ് നിജപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തീരദേശ സുരക്ഷക്ക് ഗാർഡുമാരായി പോലീസിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. എന്നാൽ ഓഖി ദുരന്ത ത്തിന്റെ പശ്ചാത്തലത്തിൽ, തീരദേശ സുരക്ഷക്കായി മത്സ്യബന്ധന തൊഴിലാളികളിൽ നിന്നും 200 പേരെ തീരദേശ പോലീസിനെ സഹായിക്കു ന്നതിനായി കോസ്റ്റൽ വാർഡൻ തസ്തികയിലേക്ക് കരാർ അടിസ്ഥാന ത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നുണ്ട്.നിലവിൽ ജോലിയിലുള്ള കോസ്റ്റൽ വാർഡൻമാർക്ക് 30.06.2023 തീയതി വരെ സേവനത്തിൽ തുടരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ